പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3732 30.01.2014 -ൽ മറുപടിക്ക്

## കാൻസർ രോഗികൾക്ക് യാത്രാ സൗജന്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗികൾക്ക് സ്ഥിരതാമസസ്ഥലത്തുനിന്നും അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിലേയ്ക്കും തിരിച്ചും നടത്തുന്ന യാത്രകൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ടോ; എത്ര ശതമാനം സൗജന്യ നിരക്ക് അനുവദിച്ചിട്ടുണ്ട് ; | (എ) | ഉണ്ട്. കാൻസർ രോഗികൾക്ക് അവരുടെ താമസസ്ഥലത്തുനിന്നും മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സക്കു പോയിവരുന്നതിന് ടി ചികിത്സാ കേന്ദ്രങ്ങളിൽ നിന്നും നൽകിയിട്ടുള്ള ചികിത്സാ രേഖകളുടെ അടിസ്ഥാനത്തിൽ യാത്രാക്കൂലിയിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | കാൻസർ രോഗികൾക്ക് 100% സൗജന്യ നിരക്കോ അല്ലെങ്കിൽ സഹായത്തിനായി കൂടെ യാത്ര ചെയ്യുന്നവർക്ക് കൂടി 50% സൗജന്യനിരക്കോ കെ.എസ്.ആർ.ടി.സി. ബസുകളിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ബി) | കോർപ്പറേഷൻ ഭീമമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ നിലവിൽ ഉള്ളതിൽ കൂടുതൽ ഇളവുകൾ ഇപ്പോഴത്തെ അവസ്ഥയിൽ അനുവദിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ